ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

സാഹിബ്ബ് ബഹദൂർ കെ. എ. മഹമ്മദ്: അങ്ങനെ പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ലഭിച്ചിട്ടില്ലാ. അവരിൽനിന്നും ഈ സാധനം വാങ്ങിക്കുന്നതു് ആദായകരമാണെന്നാണു് അറിയുന്നതു്.

സാഹിബ്ബ് ബഹദൂർ കെ. എ. മഹമ്മദ്: Pure ആണു് വേണ്ടതെന്നു് agreement-ൽ പറഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് agreement നോക്കിയാലെ അറിയാവൂ.

മോഡൽ പഞ്ചായത്തു്

*൪൯൬. (൪൬) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചിറ്റൂർ താലൂക്കു് പട്ടഞ്ചേരി വില്ലേജിൽ മോഡൽ പഞ്ചായത്തിനുവേണ്ടി ഒരു പറമ്പു് ഗവൺമെണ്ടിലേയ്ക്കു് അകപ്പെടുത്തിയതു് ഇപ്പോൾ എന്താവശ്യത്തിനായി ഉപയോഗിച്ചുവരുന്നു?

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ): ഒന്നും ചെയ്തിട്ടില്ല. അവിടെ ഒരു കെട്ടിടം വച്ചു് ഗ്രാമോദ്ധാരണപരമായ ജോലികൾ ഉടൻ തുടങ്ങണമെന്നാണു് ഉദ്ദേശിക്കുന്നതു്.

ALLEGATIONS AGAINST GOVERNMENT

*596. [46] **Sri. Paul Thaliath:** Will the Hon'ble Chief Minister be pleased to state.—

(*a*) whether it has come to the notice of the Government a statement made on 19th September 1950 and published on 22nd September 1950 in the newspaper Express of Trichur by Mr. R. Velayudhan, Member of Parliament, representing this State, containing many allegations to the effect that the existing Government here is a lawless Government;

(*b*) if the answer to (*a*) is in the affirmative whether any action has been taken; and

(*c*) if the answer to (*a*) is in the negative, will the Government examine the statement?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) No.

(*c*) Government have examined the statement and are convinced that the statements are false and the result of malice.

ക്ഷേത്രങ്ങൾ

*൪൯൭. (൪൭) ശ്രീ. കളത്തിൽ വേലായുധൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൭ മിഥുനമാസം ഒന്നാം തീയതിക്കു ശേഷം തീവയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്തതായി ഗവൺമെണ്ടിലേക്കു് അറിവുകിട്ടിയ ക്ഷേത്രങ്ങളുടെ സംഖ്യ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം;

(സി) ഏതെല്ലാം ക്ഷേത്രങ്ങളെ സംബന്ധിച്ചു് കേസുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ടു്;

(ഡി) ഏതെല്ലാം കേസുകൾ അന്വേഷണം പൂർത്തിയായിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൽ.

(ബി) ക. അരനാട്ടു ശാസ്താം കോവിൽ, തിരുവട്ടാർ.
ഖ. മാംകടി ശാസ്താക്ഷേത്രം, നേമം.
ഗ. പള്ളിക്കന്നക്ഷേത്രം, ആറൻമുള.
ഘ. പുള്ളിക്കണക്കക്ഷേത്രം, കായംകുളം.
ങ. ശിവക്ഷേത്രം, ചിറക്കടവ്, കാഞ്ഞിരപ്പള്ളി.
ച. ഭഗവതിക്ഷേത്രം, തെക്കേമറാടി, മൂവാറ്റുപുഴ.
ഛ. കുന്നശ്ശേരികാവുക്ഷേത്രം, കടുത്തുരുത്തി, ഏറ്റുമാനൂർ.
ജ. കീരിക്കാട്ടു ഭഗവതിക്ഷേത്രം, തൊടുപുഴ.
ഝ. എരിഞ്ഞോംക്ഷേത്രം, പെരുമ്പാവൂർ.

(സി) എല്ലാ ക്ഷേത്രങ്ങളെ സംബന്ധിച്ചും കേസ്സുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(ഡി) അഞ്ചു കേസുകളുടെ അന്വേഷണം പൂർത്തിയായിട്ടുണ്ടു്.

വില്ലേജുകോടതികൾ

* ൽ൭. (൪൯) സാഹിബ്ബു് ബഹദൂർ എ. കെ. കുഞ്ഞുമൊയിതീൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) വില്ലേജുകോർട്ടുകളുടെ കാലാവധി നീട്ടുകയുണ്ടായോ;

(ബി) എത്ര കാലത്തേക്കു്;

(സി) അതിന്റെ കാരണമെന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ), (ബി) വില്ലേജുകോടതികളുടെ കാലാവധി ആറുമാസത്തേക്കു നീട്ടിയിട്ടുണ്ടു്.

(ബി) തിരുവിതാംകൂറിലെ വില്ലേജു പഞ്ചായത്തുകോടതികളുടേയും കൊച്ചിയിലെ വില്ലേജുകോടതികളുടേയും ഭരണസംപ്രദായത്തിൽ ഐകരൂപ്യം ഉണ്ടായിരിക്കേണ്ടതാണെന്നു് സർക്കാരിനു് തീരുമാനിച്ചിട്ടുണ്ടു്. ഇതു സംബന്ധിച്ചു് നിയമപരമായ നടപടികളും കൈക്കൊണ്ടിരിക്കുകയാണു്. ഈ നടപടികൾ പൂർത്തിയാക്കാൻ കുറേ താമസം നേരിടുമെന്നുള്ളതുകൊണ്ടാണു് വില്ലേജുകോടതികളിൽ ഇപ്പോഴുള്ള പ്രസിഡന്റു്, സീനിയർ ജഡ്ജു്, ജഡ്ജു് എന്നിവരുടെ കാലാവധി നീട്ടിയിട്ടുള്ളതു്.

വില്ലേജുകോടതി

* ൽ൯. (൫൦) സാഹിബ്ബു് ബഹദൂർ എ. കെ. കുഞ്ഞുമൊയിതീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ലോകമാന്യതിലകൻ വില്ലേജുകോട്ടിന്റെ അധികാരത്തിയിൽ എത്തെല്ലാം വില്ലേജുകൾ ഉൾപ്പെട്ടവ;

LIBRARY ARCHIVES Kerala Legislative Assembly